എൽ.എഫ്.കെ.കെ.ഡി.പി7/1768/2013 .

ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ
ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട് ജില്ല.
തീയതി: 27-12-2013.

# കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2012-13 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത്‌രാജ് നിയമം 215 (4) ാം വകുപ്പ് 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13 ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).**

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ.ജോസഫ് മാത്യു
സീനിയർ ഡപ്യൂട്ടി ഡയറക്ടർ,

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2012-13 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോ ധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 12.08-2012 മുതൽ 24.10.13 വരെ വിവിധ ഇനങ്ങളി ലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു..

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം |
|---|---|
| 25.10.2013 മുതൽ 31.10.2013 വരെ | ശ്രീ.കെ.വി.സുനിൽകുമാർ , ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ശ്രീജ തെക്കൻ, ശ്രീ.എം.കരുണാകരൻ, } ഓഡിറ്റർമാർ |

**നിർവ്വഹണാധികാരികൾ**

| | |
|---|---|
| **പ്രസിഡന്റ്** | ശ്രീ.ടി.വി.ചന്ദ്രഹാസൻ , 01.04.2012 മുതൽ 31.03.2013 വരെ |
| **സെക്രട്ടറി** | ശ്രീ. പി.വി.സോമൻ, 01.04.12 മുതൽ 31.03.2013 വരെ |

Local Fund Audit Department

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

**ഭാഗം 1 : പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2 : വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രശീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

**ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ..

**ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

## ഭാഗം 1

## പൊതു അവലോകനം

### 1-1 : ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2012-13 വർഷത്തെ ബജറ്റ് താഴെ പറയും പ്രകാരം പാസ്സാക്കിയിട്ടുണ്ട്.

| വർഷം | 2012-13 | അഭിപ്രായം |
|---|---|---|
| ബജറ്റ് പാസാക്കിയ തീയതി | 22.03.12 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്ട്സിലാണ് പുതുക്കിയ തീരുമാനം രേഖപ്പെടുത്തിയത്. പഞ്ചായത്ത് മിനുട്ട്സിൽ എഴുതി ചേർത്തിട്ടില്ല. |
| പുതുക്കിയ ബജറ്റ് തീയതി | 19.03.13 | |
| തീരുമാനം നമ്പർ/തീയതി | 61/19.03.13 | |
| പ്രതീക്ഷിത വരവ് | 125367605 | |
| പ്രതീക്ഷിത ചെലവ് | 12366440 | |

(8,25,00,000/രൂപ ദേശീയ തൊഴിലുറപ്പ് വരവ്, ചെലവ് ഉൾപ്പെടെ)

Local Fund Audit Department

## 1-2)വാർഷിക കണക്കുകൾ:

ഓഡിറ്റ് വർഷത്തെ വാർഷിക കണക്ക് പ്രകാരമുള്ള വരവ്ചെലവ് തുക താഴെ പറയുന്നു.

| വർഷം | 2012-13 |
|---|---|
| വരവ് | 53470373 |
| ചെലവ് | 49058882 |

## 1-3)വരവ് നഷ്ടം, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക

2012-13 വർഷത്തെ വാർഷിക കണക്കുകളുടെ ഓഡിറ്റ് നടത്തിയതിൽ കണ്ടെത്തിയ വരവ് നഷ്ടം, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരം താഴെ കൊടുക്കുന്നു. വിശദമായ വിവരം ഭാഗം -4 ൽ ഖണ്ഡിക 6 ആയി ചേർത്തിട്ടുണ്ട്.

| വർഷം | 2012-13 |
|---|---|
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | 50,000 |
| തടസ്സപ്പെടുത്തിയ തുക | 58,54,187/- |

## 1-4) വാർഷിക കണക്കുകളുടെ സമർപ്പണം:

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 9(1) പ്രകാരം സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | ഓഡിറ്റിന് നൽകിയ തീയതി | അഭിപ്രായം |
|---|---|---|
| 2012-13 | 30.07.13 | സമയബന്ധിതമായി സമർപ്പിച്ചു. |

## 1-5)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുറ്റമറ്റ രീതിയിലാകുന്നതിന് ആവ ശ്യമായ പ്രധാനപ്പെട്ട രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

| ക്രമ നം | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | പോരായ്മകൾ/അഭിപ്രായം |
|---|---|---|
| 1 | ഡപ്പോസിറ്റ് രജിസ്റ്റർ | ഓഡിറ്റ് കാലയളവിൽ എഴുതി സൂക്ഷിച്ചിട്ടില്ല. |
| 2 | അഡ്വാൻസ് രജിസ്റ്റർ | -ടി- |

Local Fund Audit Department

## 1-6)ഓഡിറ്റ് വർഷങ്ങളിലെ പ്രൊജക്ടുകൾ

| വർഷം | ആകെ അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പാക്കിയ പ്രൊജക്ടുകൾ | നടപ്പാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 2012-13 | 74 | 62 | 12 |

## 1-7) ക്യാഷ് വെരിഫിക്കേഷൻ

1994 ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസിന്റെ പരിശോധന 25.10.13 ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## ഭാഗം -2

## വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1: വാർഷിക കണക്ക് - അപാകതകൾ :

2012-13 വർഷത്തെ സാംഖ്യ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ വാർഷിക കണക്ക്, ലഭ്യമാക്കിയ രജിസ്റ്ററുകൾ, ഫയലുകൾ എന്നിവയുമായി പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും ഐ.കെ.എം സാങ്കേതിക സഹായം ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവു ചെയ്ത 1,82,058/ രൂപ വാർഷിക കണക്കിൽ വികസന ഫണ്ട് വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ തൻവർഷം പഞ്ചായത്തിന് ലെറ്റർ ഓഫ് അതോറിറ്റി പ്രകാരം ലഭിച്ച ആകെ വരവ് 19,99,999/ രൂപയാണ്. എന്നാൽ റസീറ്റ് ആന്റ് പെയ്മെന്റ് ഷെഡ്യൂൾ (RP-7) പ്രകാരം ആകെ വരവായി കാണിച്ചിട്ടുള്ളത് 19,02,499/ രൂപയാണ്.

3) കേരളോത്സവം തൻവർഷ വരവ് ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം 47,500/ രൂപയാണ്. എന്നാൽ റസീറ്റ് & പെയ്മെന്റ് റവന്യൂ ഗ്രാന്റ്സ്, ഫണ്ട്സ് കോൺട്രിബ്യൂഷൻസ് & കോമ്പൻസേഷൻസ് ഷെഡ്യൂൾ പ്രകാരം ഈയിനത്തിലെ തൻവർഷ വരവായി കാണിച്ചിരിക്കുന്നത് 63,088/ രൂപയാണ്.

Local Fund Audit Department

4) വാടകയിനത്തിൽ തൻവർഷ വരവ് വാടക രജിസ്റ്റർ പകാരം 85,850/ രൂപയാണ്. എന്നാൽ റസീറ്റ് & പെയ്മെന്റ് ഷെഡ്യൂൾ RP-3, RP-43 പ്രകാരം ഈയിനത്തിലെ തൻവർഷ വര വായി കാണിച്ചിരിക്കുന്നത് 89,800/ രൂപയാണ്.

5) 2012-13 വർഷം നൽകിയ അഡ്വാൻസ് ലഭിച്ചതും, തിരികെ നൽകിയതുമായ ഡപ്പോസിറ്റ് എന്നിവ നിരീക്ഷിക്കുന്നതിനായി ഡപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തയ്യാറാ ക്കി സൂക്ഷിച്ചിട്ടില്ല.

6) ഓപ്പണിംഗ് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-1 ൽ പഞ്ചായത്ത് ഫണ്ടായി കാണിച്ച തുക യും തൻവർഷത്തെ മിച്ചഫണ്ടും കൂട്ടിക്കിട്ടുന്ന തുകയല്ല ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി1 പ്രകാ രം പഞ്ചായത്ത് ഫണ്ടായി കാണിച്ചിരിക്കുന്നത്.

7) ബാലൻസ് ഷീറ്റ് ആസ്തി ഭാഗത്ത് ഫിക്സഡ് അസറ്റും ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സും ആയി കാണിച്ച തുകയിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവ ഉപ യോഗിച്ച് ആർജ്ജിച്ച ആസ്തികൾ, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി ലയബിലിറ്റി ഭാഗത്ത് കാണിച്ചിട്ടില്ല.

8) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ - ബി4 പ്രകാരം ലയബിലിറ്റി ആയി കാണിച്ച ജില്ലാപഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് വിഹിതം തുകളുടെ വിശദാംശം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കി യിട്ടില്ല.

9) വാർഷിക കണക്ക് പ്രകാരം ബാലൻസ് ഷീറ്റിൽ ലയബിലിറ്റി 2,07,05,095/ രൂപയും അസറ്റ് 2,06,07,595/ രൂപയുമാണ്. അസറ്റും ലയബിലിറ്റിയും തമ്മിൽ 97,500/ രൂപയുടെ വ്യത്യാസം കാണുന്നു. മേൽ അപാകതകൾ,ക്ക് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം - 3

## ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1) സർക്കാർ അനുമതിയില്ലാതെ സ്വകാര്യ സ്ഥാപനത്തിന് വികസന ഫണ്ട് നൽകി - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : സി.ഡി.പി.ഒ |
| പ്രൊജക്ട് നമ്പർ | : എസ് 0058/13 |
| ചെലവ് തുക | :50,000/ (വികസന ഫണ്ട്) |
| ട്രഷറി ബിൽ നമ്പർ | : 6/12-13<br>26.03.13 |

Local Fund Audit Department

മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ധനസഹായം എന്ന പ്രൊജക്ടിൽ 50,000/ രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് മൂടാടി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എഫ്.എം. ആർ ഇന്ത്യ - ആശാനികേതൻ, നന്തി ബസാർ, കടലൂർ(പി.ഒ) എന്ന സ്ഥാപനത്തിന് നൽകി യിട്ടുണ്ട്. തുക കൈപ്പറ്റിയതിന് സ്ഥാപനത്തിന്റെ ഡയറക്ടർ കൈപ്പറ്റ് രശീത് നൽകി യിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ധനസഹായം കൈപ്പറ്റിയ എഫ്.എം.ആർ ഇന്ത്യ-ആശാനികേതൻ എന്ന സ്ഥാപനം ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥാപനമാണെന്നതിന് രേഖയില്ല. സ്വകാര്യ ട്രസ്റ്റാണെന്ന് എക്സിറ്റ് മീറ്റിംഗിൽ വിശദീകരിച്ചു.

2) 2011-12 വർഷം ഡിപിസി അംഗീകാരം ലഭിച്ചിരുന്നതും എന്നാൽ സർക്കാർ ഉത്തരവ് ലഭിക്കാത്തതിനാൽ തുക നൽകിയിട്ടില്ലെന്നും 2012-13 ലെ പ്രൊജക്ട് രേഖ ഖണ്ഡിക 26 ൽ സ്പിൽ ഓവർ ആകാനുള്ള കാരണമായി ചേർത്തിട്ടുണ്ട്. എന്നാൽ 12-13 വർഷം ധനസഹായം നൽകുന്നതിന് സർക്കാൻ അനുമതി ലഭിച്ചതിന്റെ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) സാക്ഷ്യപത്രം നം സി2/9761/12 തീയതി: 08.03.13 ഫയലിൽ സൂക്ഷി ച്ചിട്ടുണ്ട്)

സ.ഉ.(എം.എസ്) 248/തസ്വഭവ തീ: 29.09.12 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനത്തിനോ വിഭാഗങ്ങൾക്കോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സർക്കാരിന്റെ മുൻകൂർ അനുമതി ലഭിക്കാത്ത സാഹചര്യ ത്തിൽ സ്വകാര്യ സ്ഥാപനത്തിന് വികസന ഫണ്ട് നൽകിയത് അംഗീകരിക്കുന്നില്ല. 50,000/ രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രൊജക്ടിന് അംഗീകാരം നൽകിയ ജില്ലാ സാമൂഹ്യക്ഷേമ ഓഫീ സർ, എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2)ബ്ലോക്ക് വിഹിതം കൈമാറി, വിനിയോഗ വിവരം ലഭ്യമാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാ ക്കുന്ന റോഡ് നിർമ്മാണ/കുടിവെള്ള പ്രൊജക്ടുകൾക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനി യർ മുഖേന ബ്ലോക്ക്വിഹിതം കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

Local Fund Audit Department

| ക്രമ നം | പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | തുക | കൈപ്പറ്റിയ ഉദ്യോഗസ്ഥർ | ബിൽ നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 59/13 | നെല്ല്യാട്ട്മുക്ക് കൊങ്ങന്നൂർ ക്ഷേത്രം, പുറക്കാട്ട് റോഡ് | 272000 | സെക്രട്ടറി, മൂടാടി ഗ്രാമപഞ്ചായത്ത് | 20/12-13 25.03.13 |
| 2 | 64/13 | പോട്ടറി കനാൽ പാച്ചാക്കൽ റോഡ് | 228000 | -ടി- | 21/12-13 25.03.13 |
| 3 | 71/13 | മോവിലൂർ കുന്ന് കുടിവെള്ള പദ്ധതി | 500000 | -ടി- | 17/12-13 25.03.13 |
| 4 | 73/13 | കുനിയിൽ കോളനി കുടിവെള്ള പദ്ധതി | 400000 | സെക്രട്ടറി, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | 28/12-13 25.03.13 |
| 5 | 77/13 | കണ്ണൻകടവ് അമ്പലംറോഡ് പ്രവൃത്തി | 300000 | -ടി- | 14/12-13 25.03.13 |
| 6 | 80/13 | റേഷൻഷാപ്പ് മുക്ക്-ചേലാടത്ത് മുക്ക് റോഡ് പ്രവൃത്തി | 250000 | സെക്രട്ടറി, ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് | 23/12-13 25.03.13 |
| 7 | 82/13 | ചങ്ങരോത്ത് കോളനി കുടിവെള്ള പദ്ധതി | 400000 | സെക്രട്ടറി, അത്തോളി ഗ്രാമപഞ്ചായത്ത് | 15/12-13 25.03.13 |
| 8 | 86/13 | പൊയിൽകാവ് ബീച്ച് വലിയ പറമ്പിൽ റോഡ് | 250000 | സെക്രട്ടറി, ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് | 22/12-13 25.03.13 |
| 9 | 88/13 | വാളേരിമുക്ക് കുടിവെള്ള പദ്ധതി | 351637 | സെക്രട്ടറി, അരിക്കുളം ഗ്രാമപഞ്ചായത്ത് | 18/12-13 25.03.13 |
| 10 | 89/13 | മലയിൽവളപ്പിൽ കുടിവെള്ള പദ്ധതി | 500000 | -ടി- | 24/12-13 25.03.13 |
| 11 | 93/13 | ആയുർവ്വേദ ആശുപത്രി റോഡ് പ്രവൃത്തി | 500000 | -ടി- | 25/12-13 25.03.13 |
| 12 | 87/13 | കെട്ടുമ്മൽ റോഡ് പ്രവൃത്തി | 200000 | സെക്രട്ടറി, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | 19/12-13 25.03.13 |
| 13 | 66/13 | നിലഞ്ചേരി മീത്തൽ കോളനി റോഡ് പ്രവൃത്തി | 200000 | സെക്രട്ടറി, മൂടാടി ഗ്രാമപഞ്ചായത്ത് | 16/12-13 25.03.13 |
| | | **ആകെ** | **4351637** | | |

ബ്ലോക്ക് വിഹിതമായി കൈമാറിയ മേൽ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. തുക തടസ്സത്തിൽ വെക്കുന്നു.

Local Fund Audit Department

## 3-3) വൃദ്ധർക്ക് പകൽവീട് - വിനിയോഗ വിവരം ഇല്ല:

നിർവ്വഹണ ഉദ്യോഗസ്ഥൻ: സി.ഡി.പി.ഒ
പ്രൊജക്ട് നമ്പർ :എസ്.0081/13
ചെലവ് തുക :3,00,000/ രൂപ (വികസന ഫണ്ട്)
ട്രഷറി ബിൽ നമ്പർ :3/12-13 1,50,000
21.03.13
:4/12-13 1,50,000
26.03.13

ചെങ്ങോട്ടുകാവ്, മൂടാടി ഗ്രാമ പഞ്ചായത്തുകളിൽ നിർമ്മിക്കുന്ന വൃദ്ധജനങ്ങൾക്കായുള്ള ഡേകെയർ കെട്ടിടങ്ങളുടെ ബ്ലോക്ക് വിഹിതമായി 3,00,000/ രൂപ നൽകിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-4) സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - വിനിയോഗ വിവരം ഇല്ലാത്തതും മറ്റ് അപാകതകളും

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ പേര്/ നമ്പർ | ട്രഷറി ബിൽ നമ്പർ | ചെലവ് തുക | കൈപ്പറ്റിയ സ്ഥാപനം | കൈപ്പറ്റിയ തുക | വിനിയോഗ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | കന്നുകുട്ടി പരിപാലനം ബ്ലോക്ക് വിഹിതം നൽകൽ പ്രൊജക്ട് നം.എസ്0098/13 | 20/12-13 16.03.13 (വികസനഫണ്ട്) | 287500 | 1)ചെങ്ങോട്ടു കാവ് ഗ്രാമപഞ്ചായത്ത്<br>2)ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്<br>3) മൂടാടി ഗ്രാമപഞ്ചായത്ത് | 100000<br>93750<br>93750 | ഇല്ല<br>46875<br>ഇല്ല | ക്യാഷ് രശീത് ഇല്ല.<br>ഭാഗിക വിനിയോഗ വിവരം ലഭിച്ചു.<br>ക്യാഷ് രശീത് ഇല്ല. |
| 2 | കോഴി വളർത്തൽ ബ്ലോക്ക് വിഹിതം പ്രൊജക്ട് നം.എസ് 0096/13 | 18/12-13 16.03.13 (വികസനഫണ്ട്) | 180000 | 1)ചേമഞ്ചേരി ഗ്രാ.പ<br>2)അത്തോളി ഗ്രാ.പ<br>3)മൂടാടി ഗ്രാ.പ | 40000<br>100000<br>40000 | ഇല്ല<br>ഇല്ല<br>ഇല്ല | ക്യാഷ് രശീത് ഇല്ല.<br>ലഭിച്ചു.<br>ക്യാഷ് രശീത് ഇല്ല. |

Local Fund Audit Department

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ആട് വളർത്തൽ ബ്ലോക്ക് വിഹിതം നൽകൽ പ്രൊ.നം. എസ്0097/13 | 19/12-13 16.03.13 (വികസന ഫണ്ട്) | 300000 | 1)ചെങ്ങോട്ടു കാവ് ഗ്രാമപഞ്ചായത്ത്<br>2)ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്<br>3)മൂടാടി ഗ്രാമപഞ്ചായത്ത്<br>4)അരിക്കുളം ഗ്രാമപഞ്ചായത്ത് | 75000<br>75000<br>75000<br>75000 | ഇല്ല<br>75000<br>ഇല്ല<br>ഇല്ല | ക്യാഷ് രശീത് ഇല്ല. വിനിയോഗ വിവരം ലഭിച്ചു.<br>രശീത് ഇല്ല ലഭിച്ചു. |
| 4 | മാലിന്യ സംസ്കരണം (ബ്ലോക്ക് വിഹിതം) പ്രൊ.നം. എസ്.0006/13 | ചെക്ക് നമ്പർ 000623/ 23.03.13<br>ചെക്ക് നമ്പർ 000622/ 23.03.13 (നിർമ്മൽ പുരസ്കാരം) | 406925<br>150000 | 1)അരിക്കുളം ഗ്രാ.പ<br>2)ചെങ്ങോട്ടു കാവ് ഗ്രാ.പ | 406925<br>150000 | ഇല്ല<br>ഇല്ല | ക്യാഷ് രശീത് ഇല്ല.<br>ക്യാഷ് രശീത് ഇല്ല |
| | | | | **ആകെ** | **1324425** | | |

**<u>അപാകതകൾ</u>**

1) ആകെ നൽകിയ 13,24,425/ രൂപയിൽ 1,21,875/ രൂപയുടെ വിനിയോഗ വിവരം മാത്രമാണ് ലഭ്യമായത്. ബാക്കി 12,02,550/ രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

2) ക്രമ നമ്പർ (1) ൽ ലഭിച്ച വിനിയോഗ സാക്ഷ്യപത്രത്തിൽ ബ്ലോക്ക് വിഹിതമായി വകയിരുത്തിയ 46,875/ രൂപ മുഴുവനായും ചെലവഴിച്ചതായി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഗ്രാമപഞ്ചായത്തിന് നൽകിയ 93,750/ രൂപയിൽ ബാക്കി 46,875/ രൂപ തിരികെ ഈടാക്കിയിട്ടില്ല.

3) ചെങ്ങോട്ട്കാവ്, അരിക്കുളം, മൂടാടി എന്നീ ഗ്രാമ പഞ്ചായത്തുകൾ ക്യാഷ് രശീത് നൽകുന്നതിനു പകരം തപാലുകൾ കൈപ്പറ്റുന്നതിനുള്ള ഇൻവേഡ് രശീതാണ് നൽകിയിട്ടുള്ളത്.

4) സംയുക്ത പ്രൊജക്ടുകളുടെ വിഹിതം ഡിസംബർ 31 ന് മുമ്പ് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുകയും നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം തുക

Local Fund Audit Department

വിനിയോഗിച്ചിട്ടില്ലെങ്കിൽ ജനുവരി 31 നകം തിരികെ നൽകുകയും വേണമെന്ന സ.ഉ.(ആർ.ടി) നം.192/2010/തസ്വഭവ 19.2.2010 ലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ആവശ്യമായ തുടർ നടപടികൾ സ്വീകരി ക്കേണ്ടതുമാണ്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ 12,02,550/ രൂപയുടെ ചെലവ് തടസ്സ ത്തിൽ വെക്കുന്നു.

## 3-5)നിർമ്മൽ പുരസ്കാരം തുക വിനിയോഗിച്ചില്ല

മാലിന്യമുക്ത കേരളം 2009 ലെ സ്ഥാപന ശുചിത്വത്തിന് ലഭിച്ച അവാർഡ് തുകയായ 19 ലക്ഷം രൂപ(നിർമ്മൽ പുരസ്കാരം) 23.03.2010 ന് ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്ററിൽ നിന്നും (ഡി.ഡി.നം.559160 തീയതി: 04.03.2010 പ്രകാരം) ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയത് എസ്.ബി.ഐ കൊയിലാണ്ടി ശാഖയിൽ അക്കൗണ്ട് നമ്പർ 67107343532 ൽ നിക്ഷേപിച്ചിരിക്കുകയാണ്. അവാർഡു തുകയിൽ നാളിതുവരെ 5,58,925/ രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ. പലിശ ഉൾപ്പെടെ 15,43,932/ രൂപ 31.03.13 ന് പ്രസ്തുത അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. നിർമ്മൽ പുരസ്കാര മാർഗ്ഗരേഖക്ക് അനുസൃതമായി അവശേഷിക്കുന്ന തുക വിനിയോഗിക്കാൻ സത്വര നടപടികൾ സ്വീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്തുകൾക്ക് ശുചിത്വമിഷനിൽ നിന്നും തുക ലഭിക്കാൻ താമസിച്ചതു മൂലമാണ് നിർമ്മൽ പുരസ്കാരം പ്രകാരമുള്ള തുക ഗ്രാമപഞ്ചായ ത്തുകൾ മുഖേന വിനിയോഗിക്കാൻ കാലതാമസം ഉണ്ടായതെന്നറിയിച്ചിട്ടുണ്ട്. തുക വിനിയോ ഗിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6) തിരുവങ്ങൂർ സി.എച്ച്.സി യിൽ ഇന്റർലോക്ക് പ്രവൃത്തി -നിർവ്വഹണത്തിൽ അപാകത:

പ്രൊജക്ട് നമ്പർ : 17/12-13
ചെലവു തുക :100000(ബിൽ നമ്പർ 31/12-13 തീയതി: 31.03.12
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ

തിരുവങ്ങൂർ സി.എച്ച്.സി മുറ്റത്ത് ഇന്റർലോക്ക് ചെയ്യുന്ന മേൽ പ്രവൃത്തി പ്രകാരം 119.44എം$^2$ പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരനായ ശ്രീ.എം.കെ.ബാലൻ അവസാനബിൽ കൈപ്പറ്റിയിട്ടുണ്ട്. പ്രവൃത്തി നേരിൽ പരിശോധിച്ചതിൽ പ്രവൃത്തിയുടെ ഗുണനിലവാരമില്ലായ്മ മൂലം ഇന്റർലോക്ക് ചെയ്ത ഭാഗത്തുള്ള കട്ടകളിൽ ചിലത് പൊട്ടിയതായും ഏതാനും

Local Fund Audit Department

കട്ടകൾ ഇളകിയ നിലയിലും കണ്ടു. കരാറുകാരനെ കൊണ്ട് പ്രവൃത്തിയിലുള്ള അപാകതകൾ പരി ഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7) വിവിധ കുടിവെള്ള പദ്ധതികൾക്ക് പണം ചെലവഴിച്ചു. പ്രവൃത്തി പൂർത്തീകരിച്ചില്ല:

ബ്ലോക്ക്പഞ്ചായത്ത് നേരിട്ട് നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് കുടിവെ ള്ള പദ്ധതികൾ പ്രവർത്തനക്ഷമാക്കിയതായി കാണുന്നില്ല. തുക ചെലവഴിച്ചതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|
| 1 | വെങ്ങളം കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണം(സ്പിൽ ഓവർ) | 80770 | 39/11-12 27.8.12 കൺവീനർക്ക് അഡ്വാൻസ് |
| 2 | കുനിയിൽ താഴ കോളനി കുടിവെള്ള പദ്ധതി കിണർ നിർമ്മാണം(സ്പിൽ ഓവർ) | 31364 | 26/12-13 26.3.13 പാർട്ട്ബിൽ |

**കിണർ വാട്ടർ ടാങ്ക് നിർമ്മാണം**

മേൽ കുടിവെള്ള പദ്ധതികൾ നേരിൽ പരിശോധിച്ചതിൽ വെങ്ങളം കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിർമ്മാണത്തിനാവശ്യമായ ഫില്ലർ നിർമ്മാണം പോലും പൂർത്തീകരിച്ചിട്ടില്ല. കുനിയിൽതാഴ കുടിവെള്ള പദ്ധതിയുടെ കിണർ നിർമ്മാണവും പാതിവഴിയിലാണ്. കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8) ഗേൾഫ്രണ്ട്ലി ടോയ്ലറ്റുകൾക്കായി അഡ്വാൻസ് തുക നൽകി - പ്രവൃത്തി പൂർത്തിയാക്കിയില്ല:

ചെലവ് : 68750/ (ജില്ലാ പഞ്ചായത്ത് ശുചിത്വമിഷൻ ഫണ്ട്)
ചെക്ക് നമ്പർ : 288143/30.05.12

ജില്ലാ പഞ്ചായത്തിന്റെ 2011-12 ലെ 85/11-12 പ്രൊജക്ട് മുഖേന അത്തോളി ഗവൺ മെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ അഞ്ച് ഗേൾഫ്രണ്ട്ലി ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിനായി 1,75,000/ രൂപ ജില്ലാ ശുചിത്വ മിഷൻ, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ മുഖേന ബ്ലോക്ക് പഞ്ചായത്തിന് 2012-13 ൽ ലഭിച്ചിട്ടുണ്ട്. (ചെക്ക് നം.595642/31.3.12) പ്രസ്തുത ഫണ്ട് വിനിയോഗിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

Local Fund Audit Department

1)55000/ രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന ടോയ്‌ലറ്റിന് എഗ്രിമെന്റ് തുകയുടെ 20% അഡ്വാൻസായി നൽകുന്നതിനാണ് 31.3.12 ലെ ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്ററുടെ ടി.എസ്. സി/13/2012 നമ്പർ കത്തിൽ നിർദ്ദേശിച്ചത്. എന്നാൽ ഇതിന് വിരുദ്ധമായി ആകെ ചെലവ് വരുന്ന 2,75,000/ രൂപയുടെ 25% ആയ 68,750/ രൂപയാണ് അഡ്വാൻസായി അനുവദിച്ചത് (55000 X5=275000 X 25%) പ്രോജക്ട് റിവ്യൂവിന്റെ ഭാഗമായി ബി.ഡി.ഒ -മാരുടെ കോൺഫറൻസിൽ ജനകീയാസൂത്രണ പദ്ധതിയിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് 25% തുക അഡ്വാൻസായി നൽകാമെന്ന് നിർദ്ദേശിച്ചിരുന്നു എന്നാണ് ഇതു സംബന്ധിച്ച് ഗ്രാമ പഞ്ചായത്തു സെക്രട്ടറി മറുപടി നൽകിയത്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും അത്തോളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളും തമ്മിലുള്ള (ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഒപ്പുവെക്കാത്ത) കരാർ നിർദ്ദേശങ്ങളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട അവസാന തീയതി എഴുതിയിട്ടില്ല.

3) വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ കൺവീനറായി ഒപ്പുവെച്ച എഗ്രിമെന്റിൽ ഗുണഭോക്തൃ സമിതിയിലെ മറ്റ് അംഗങ്ങളുടെ വിശദാംശങ്ങൾ എഴുതി ചേർത്തി ട്ടില്ല. ഗുണഭോക്തൃ കമ്മിറ്റിയുടെ മിനുട്ട്സ് ബുക്ക്, ബാങ്ക് പാസ്ബുക്ക് എന്നിവ ഫയലിൽ ലഭ്യമല്ല.

പ്രവൃത്തി ആരംഭിക്കുന്നതിനായി 26.3.12 ൽ കരാർ വെച്ച് 30.5.12 ന് 288143 നമ്പർ ചെക്ക് മുഖേന 68,750/ രൂപ അഡ്വാൻസായി നൽകിയെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീ കരിച്ചില്ല.

അപാകതയ്ക്ക് മറുപടിയായി പ്രവൃത്തി ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് പി.ടി.എ അറിയിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കി അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 3-9) മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ധനസഹായം ബ്ലോക്ക് വിഹിതം നിർവ്വഹണത്തിലെ അപാകതകൾ:

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : സി.ഡി.പി.ഒ |
| പ്രൊജക്ട് നമ്പർ | : എസ് 0016/13 |
| ചെലവ് തുക | :1,30,000/(വികസന ഫണ്ട്) |
| ട്രഷറി ബിൽ നമ്പർ | :5/12-13 തീ: 26.03.13 |
| അടങ്കൽ | :2,60,000/രൂപ |

Local Fund Audit Department

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കായി നിർമ്മിക്കുന്ന പുനരധിവാസ കേന്ദ്രത്തിന് നിർമ്മാണ പൂർത്തീകരണത്തിനായി (ചുറ്റുമതിൽ, കിണർ, ടോയ്ലറ്റ്) 1 ലക്ഷം രൂപയും, മൂടാടി ഗ്രാമപഞ്ചായത്തിലെ മാനസിക വെല്ലുവിളി നേരിടുന്ന എഫ്.എം.ആർ ഇന്ത്യ - ആശാനികേതൻ, കടവൂർ (പി.ഒ) തൊഴിൽ പരിശീലന കേന്ദ്രത്തിലേക്ക് തൊഴിൽ പരിശീലനത്തിനുള്ള സാധനങ്ങൾ (സോപ്പ്, മെഴുകുതിരി, ഫിനോയിൽ, പേപ്പർ കവർ) വാങ്ങാൻ 30,000/ രൂപയും വകയിരുത്തി.

മേൽ വിവരിച്ച ട്രഷറി ബിൽ പ്രകാരം തുക പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഒറിജിനൽ ക്യാഷ് രശീത് ലഭിച്ചിട്ടില്ല. തപാലുകൾ കൈപ്പറ്റുന്നതിന് /നൽകുന്ന ഇൻവേഡ് രശീതാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് (മൂടാടി-2519/ 4.4.13, ചെങ്ങോട്ടുകാവ്-2880/27.4.13)

2) വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

3) സംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ ഡിസംബർ 31 ന് മുമ്പ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് വിഹിതം നൽകേണ്ടതും സ്ഥാപനം തുക വിനിയോഗിച്ചിട്ടില്ലെങ്കിൽ ജനുവരി 31 നകം തിരികെ നൽകേണ്ടതുമാണ്.(ജി.(ആർ.ടി) നം.192/2010/തസ്വഭവ തീ: 19.2.2010) മാർഗ്ഗരേഖക്ക് വിരുദ്ധമായി സാമ്പത്തിക വർഷം അവസാനിച്ച് ഏപ്രിൽ മാസത്തിലാണ് നിർവ്വ ഹണം നടത്തേണ്ട ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകിയത്.

4) ട്രഷറിയിൽ നിന്നും തുക പിൻവലിക്കുന്നതിനുള്ള സി.ഡി.പി.ഒ.യുടെ 25.3.13 ലെ ഉത്തരവിൽ 1 ലക്ഷം രൂപചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിനും 30,000/ രൂപ മൂടാടി എഫ്.എം. ആർ സ്ഥാപനത്തിനും നൽകുന്നതിനായി ഉത്തരവാകുന്നു എന്നാണ് ചേർത്തിരിക്കുന്നത്. സംയുക്ത പ്രൊജക്ടിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനാണ് തുക നൽകേണ്ടത്.

5) മൂടാടി ഗ്രാമപഞ്ചായത്തിലെ എഫ്.എം.ആർ(ഇന്ത്യ), ആശാനികേതൻ എന്ന സ്ഥാപനം ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമല്ല. സ്വകാര്യ ട്രസ്റ്റിന് കീഴിൽ പ്രവർത്തിക്കു ന്ന സ്ഥാപനത്തിന് വികസന ഫണ്ട് നൽകുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭിച്ചിട്ടില്ല.

6) ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ പ്രൊജക്ടിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മൂടാടി ഗ്രാമപഞ്ചായത്തിന്റെ പ്രൊജക്ടിന്റെ കോപ്പി, സംയുക്ത പ്രൊജക്ട്

Local Fund Audit Department

രൂപീകരണം സംബന്ധിച്ച തദ്ദേശ സ്ഥാപന അദ്ധ്യക്ഷന്മാരുടെ യോഗ മിനുട്ട്സിന്റെ കോപ്പി എന്നിവ പ്രൊജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-10) പശു വളർത്തൽ തുക കൈമാറൽ - നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി എക്സ്റ്റൻഷൻ ഓഫീസർ
പ്രൊജക്ട് നമ്പർ : എസ് 0075/13
ചെലവ് :1,81,250/(വികസന ഫണ്ട്)
ട്രഷറി ബിൽ നമ്പർ :1/12-13
16.03.13

പശുവളർത്തൽ പദ്ധതിയിൽ മൂടാടി, അരിക്കുളം ഗ്രാമപഞ്ചായത്തുകളുമായി സംയുക്ത പ്രൊജക്ടിൽ ധനസഹായമായി മൂടാടി ഗ്രാമപഞ്ചായത്തിന് 87,500/ രൂപയും അരിക്കുളം ഗ്രാമപഞ്ചായത്തിന് 93,750/ രൂപയും നൽകി. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) തുക കൈപ്പറ്റിയതിന് ഗ്രാമപഞ്ചായത്തുകളുടെ ഔദ്യോഗിക ക്യാഷ് രശീത് ലഭിച്ചിട്ടില്ല. (കൈപ്പറ്റ് രശീതുകൾ നൽകിയിട്ടുണ്ട്).

2) അരിക്കുളം ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വിനിയോഗ സാക്ഷ്യപത്രത്തിൽ 18,750/ രൂപ തൻ വർഷം വിനിയോഗിച്ചതായും ബാക്കി 75,000/ രൂപ 2013-14 വർഷം ചെലവഴിക്കുന്നതാണെന്നും അറിയിച്ചു.

3) മൂടാടി ഗ്രാമപഞ്ചായത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

4) സംയുക്ത പ്രോജക്ട് മാർഗ്ഗരേഖ(ജി.ഒ(ആർ.ടി) നം. 192/2010/ തസ്വഭവ തീ: 19.2.2010) അനുസരിച്ച് പങ്കാളികളാകുന്ന തദ്ദേശ സ്ഥാപനങ്ങൾ ഡിസംബർ 31 ന് മുമ്പ് നിർവ്വഹണം നടത്താൻ ചുമതലപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന് വിഹിതം നൽകേണ്ടതും ഏതെങ്കിലും കാരണവശാൽ പ്രൊജക്ട് നടപ്പാക്കാൻ കഴിയുന്നില്ലെങ്കിൽ ജനുവരി 31 ന് മുമ്പായി നിർവ്വഹ ണം നടത്തുന്ന സ്ഥാപനം വിഹിതം തിരികെ നൽകേണ്ടതുമാണ്. മേൽ പ്രൊജ്കടിൽ സാമ്പ ത്തിക വർഷത്തിന്റെ അവസാന നാളുകളിലാണ് (19.3.13) ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയത്.

5) മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം സംയുക്ത പ്രൊജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷമാരുടെ യോഗതീരുമാനത്തിന്റെ മിനുട്ടിന്റെ കോപ്പി പ്രൊജക്ടിനോടൊപ്പം സൂക്ഷിക്കേണ്ടതാണെങ്കിലും ആയത് സൂക്ഷിച്ചിട്ടില്ല.

Local Fund Audit Department

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 3-11) പാലിയേറ്റീവ് കെയർ പ്രൊജക്ട് - വിനിയോഗ വിവരം പൂർണ്ണമായും ലഭിച്ചില്ല:

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തിരുവങ്ങൂർ
പ്രൊജക്ട് നമ്പർ : എസ്.0078/13 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)
ചെലവ് തുക :3,00,000/
ട്രഷറി ബിൽ നമ്പർ :1/12-13 തീ: 16.03.13

മേൽ പ്രൊജക്ടിന്റെ ഭാഗമായി അരിക്കുളം, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി, മൂടാടി, അത്തോളി ഗ്രാമപഞ്ചായത്തുകൾക്ക് 60,000/ രൂപ വീതം നൽകിയിട്ടുണ്ട്. അരിക്കുളം ഗ്രാമ പഞ്ചായത്ത് 23.9.13 ന് നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ 50,865/ രൂപ വിനിയോഗിച്ച് പ്രൊജക്ട് പൂർത്തീകരിച്ചു എന്നറിയിച്ചു. മറ്റ് 4 ഗ്രാമപഞ്ചായത്തുകളും വിനിയോഗ വിവരം അറിയിച്ചിട്ടില്ല

അരിക്കുളം ഗ്രാമപഞ്ചായത്ത് വിനിയോഗിക്കാതെ ബാക്കിയായ 9,135/ രൂപ തിരികെ ഈടാക്കേണ്ടതും മറ്റ് 4 ഗ്രാമപഞ്ചായത്തുകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതും തുക വിനിയോഗിച്ചിട്ടില്ലെങ്കിൽ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടക്കേണ്ടതുമാണ്.

## 3-12) ഐ.എ.വൈ ഭവന നിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയില്ല.

ഐ.എ.വൈ രജിസ്റ്ററുകൾ പ്രകാരം 2005-06 മുതൽ 2011-12 വരെ ധനസഹായം കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | എഗ്രിമെന്റ് വെച്ചവരുടെ എണ്ണം | | പൂർത്തിയാക്കാൻ ബാക്കിയുള്ളവർ | | ആകെ |
|---|---|---|---|---|---|
| | **ജനറൽ** | **എസ്.സി** | **ജനറൽ** | **എസ്.സി** | |
| 2005-06 | 32 | 43 | 1 | 5 | 6 |
| 2006-07 | 11 | 18 | - | 1 | 1 |
| 2007-08 | 53 | 69 | 3 | 10 | 13 |
| 2008-09 | 55 | 60 | 1 | 14 | 15 |
| 2009-10 | 43 | 60 | 5 | 11 | 16 |
| 2010-11 | 75 | 33 | 13 | 11 | 24 |
| 2011-12 | 84 | 97 | 15 | 44 | 59 |
| **ആകെ** | **353** | **380** | **38** | **96** | **134** |

Local Fund Audit Department

134 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തിയാക്കാൻ സത്വര നടപടികൾ സ്വീക രിച്ച് അറിയിക്കേണ്ടതാണ്.

## 3-13) ബ്ലോക്ക് പഞ്ചായത്ത് വനിതാ വ്യവസായ വിപണന കേന്ദ്രം പ്രവർത്തനം -അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കൊയിലാണ്ടി ടൗണിലുള്ള വനിതാ വ്യവസായ വിപണന കേന്ദ്രത്തിൽ 30.10.2013 ന് വനിതാക്ഷേമ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിലും ഫയൽ പരിശോധനയിലും കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

| ക്രമ നം | റൂം നമ്പർ | എഗ്രിമെന്റ് വെച്ച കുടുംബ ശ്രീ യൂണിറ്റിന്റേയും സംരംഭ ത്തിന്റേയും പേര് | എഗ്രിമെന്റ് നമ്പർ/ തീയതി | അപാകതകൾ |
|---|---|---|---|---|
| 1 | 33/810 | ഐശ്വര്യ വനിതാ സ്വയം സഹായ സംഘം ചേമഞ്ചേരി വെളിച്ചെണ്ണ മില്ല്, ഫോട്ടോ സ്റ്റാറ്റ് മെഷീൻ | 1/1.10.11<br>ഗീത-സെക്രട്ടറി<br>ശോഭന-പ്രസിഡന്റ് | അപേക്ഷയിൽ നി ന്നും വ്യത്യസ്തമായി നില വിൽ ടെയ്ലറിം ഗ് യൂിറ്റ്, വെളിച്ചെ ണ്ണ വില്പന എന്നിവ നടത്തുന്നു. |
| 2 | 33/811 | സ്റ്റാർ ആക്ടിവിറ്റി , മൂടാടി സോപ്പും സോപ്പുല്പന്ന ങ്ങളും | 2/1.10.11<br>ഉഷ -സെക്രട്ടറി<br>ബിന്ദു -പ്രസിഡന്റ് | യൂണിറ്റിന്റെ ബോർ ഡ് വച്ചിട്ടില്ല. 8 മാസ ക്കാലമായി മറ്റൊരു സംരംഭമായ കാലി ക്കറ്റ്ലേഡീസ് ടൈല റിംഗ്യൂണിറ്റ് കട്ടിം ഗ് ടേബിളുകൾ വ യ്ക്കുന്ന ഗോഡൗ ണായി ഉപയോഗി ക്കുന്നു. |
| 3 | 33/812 | സബർമതി മാർക്കറ്റിംഗ് നെറ്റ്വർക്ക് - കുടുംബശ്രീ കമ്മ്യൂണിറ്റി മാർക്കറ്റിംഗ് പദ്ധതി | 3/10-11<br>ഖാദർ.കെ.കെ, സെക്രട്ടറി<br>മഞ്ജുള ടി.കെ പ്രസിഡന്റ് | യൂണിറ്റിന്റെ ബോർ ഡ് വെച്ചിട്ടില്ല. മുറി അടച്ചിട്ടിരിക്കുന്നു. നിലവിൽ പ്രവർത്തി ക്കുന്നില്ല (പുരുഷ നുൾപ്പെട്ട യൂണിറ്റി ന് റൂം നൽകിയത് ബൈലോക്ക് വിരു ദ്ധമാണ്. |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 4 | 33/813 | പ്രതീക്ഷ കുടുംബശ്രീ ഗാർമെന്റ്സ് മേക്കിംഗ് | 12/9.11.12 അരുണിമ.പി, സെക്രട്ടറി | യൂണിറ്റിന്റെ ബോർഡ് വെച്ചിട്ടില്ല. നിലവിൽ മിന്നാരം ഹെൽബൽ പ്രൊഡക്ട്സ് യൂണിറ്റിന്റെ ഗോഡൗണായി ഉപയോഗിക്കുന്നു. |
| 5 | 33/820 | ശ്രീലക്ഷ്മി, കുടുംബശ്രീ യൂണിറ്റ് കരകൗശല വിപണനം | 13/3.10.12 കമല.കെ.എം | യൂണിറ്റിന്റെ ബോർ ഡ് വെച്ചിട്ടില്ല.റൂം അടച്ചിട്ടിരിക്കുന്നു. പ്രവർത്തിക്കുന്നില്ല. |
| 6 | 33/821 | താമരശ്ശേരി താഴ കുടുംബശ്രീ സാനിയ ഹെൽത്ത് ക്ലബ് ഫിറ്റ്നസ് സെന്റർ | 8/1.10.11 രുഗ്മിണി-പ്രസിഡന്റ് ഗീത.എം, സെക്രട്ടറി | -ടി- |
| 7 | 33/822 | മെറ്റാഡ(മൈക്രോ എന്റർ പ്രൈസസ് ട്രെയിനിംഗ് ഡവലപ്മെന്റ് ഏജൻസി കുടുംബശ്രീ, കോഴിക്കോട് | 12/17.9.12 ലീല.എം.ടി രമ.പി.കെ | യൂണിറ്റിന്റെ ബോർഡില്ല. അടച്ചിട്ടിരിക്കുന്നു. നിലവിൽ പ്രവർത്തിക്കുന്നില്ല. |
| 8 | 33/823 | ക്ഷീര വികസന ഓഫീസായി ഉപയോഗിക്കുന്നു. | | വനിതാവ്യവസായ വിപണന കേന്ദ്രം മുറി ഗവൺമെന്റ് ഓഫീസായി ഉപയോഗിക്കുന്നു. |
| 9 | 33/824,825 (മൂന്ന് മുറികൾ ചേർത്ത് ഒറ്റ ഹാൾ) | എസ്.ജി.എസ്.വൈ പരിശീലന കേന്ദ്രം -ബോർഡ് വച്ചിരിക്കുന്നു. നിലവിൽ പരി ശീലന കേന്ദ്രമായി ഉപയോ ഗിക്കുന്നു. | | വനിതാവ്യവസായ വിപണനത്തിനായി സ്ഥാപിച്ച കെട്ടിട മുറികൾ പരിശീലനത്തിനായി ഉപയോഗിക്കുന്നു. |
| 10 | നമ്പറില്ല | നവീന കുടുംബശ്രീ യൂണിറ്റ് ചേമഞ്ചേരി കുട നിർമ്മാണം | 15/7.5.13 ബിന്ദു.കെ. അംഗം | യൂണിറ്റിന്റെ ബോർഡില്ല. നമ്പറില്ല. ടൈലറിംഗ് യൂണിറ്റായി പ്രവർത്തിക്കുന്നു. |

ആകെയുള്ള 17 മുറികളിൽ ബാക്കിയുള്ള മുറികളിൽ എഗ്രിമെന്റ് വെച്ച പ്രകാരം വനിതാ തൊഴി ൽ സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 16.09.2011 ലെ 52(1)/11-12 ഭരണസമിതി അംഗീകരിച്ച വ്യവസായ കേന്ദ്രത്തിന്റെ ബൈലോയിലെ നിബന്ധന (2)പ്രകാരം വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ മാത്രമായിരിക്കും മുറികൾ അനുവദിക്കുന്നത് എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ക്രമ നമ്പർ 3,9 എന്നിവയുടെ കാര്യത്തിൽ പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല. നിബന്ധന 19,26 എന്നിവ പ്രകാരം യൂണിറ്റിന് ഏല്പിച്ച മുറികൾ

Local Fund Audit Department

കൈമാറ്റം ചെയ്യാനോ കീഴ്കുത്തകയ്ക്കോ വാടകയ്ക്കോ കൊടുക്കാൻ പാടില്ല. ഭരണ സമിതി യുടെ അനുവാദം കൂടാതെ കൈമാറ്റം ചെയ്താൽ അവകാശം റദ്ദാക്കാം. ക്രമ നം: 2,4 എന്നീ മുറികളുടെ കാര്യത്തിൽ കൈമാറ്റത്തിനുള്ള അനുമതി പഞ്ചായത്ത് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. നിബന്ധന 30 പ്രകാരം ലൈസൻസിക്ക് മുറി ആവശ്യ മില്ലെങ്കിൽ 3 മാസം മുമ്പേ ബ്ലോക്ക് പഞ്ചായത്തിന് നോട്ടീസ് നൽകേണ്ടതാണ്. ക്രമ നം. 2,3,4,5,6,7 എന്നിവയുടെ കാര്യത്തിൽ യൂണിറ്റുകൾ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ പരിശോധ നയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വാടക വരവ് ഡിമാന്റ് രജിസ്റ്ററിൽ തുക ഈടാക്കിയ രശീതി നമ്പർ, തൻവർഷം ആകെ ലഭിച്ച വാടക എന്നിവ രേഖപ്പെടു ത്തിയിട്ടില്ല.

ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും അപാകതയ്ക്ക് വിശദീ കരണം ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ ബോർഡ് വയ്ക്കാത്ത യൂണിറ്റുകൾക്ക് ബോർഡ് വയ്ക്കാനും പ്രവർത്തിക്കാത്ത മുറികൾ തിരിച്ചു വാങ്ങാനും നടപടി സ്വീകരിക്കുമെന്നും ക്ഷീര വികസന ഓഫീസർക്ക് വാടക കെട്ടിടം ലഭ്യമായാൽ പ്രസ്തുത മുറി ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

വിപണന കേന്ദ്രത്തിന്റെ പ്രവൃത്തി സംബന്ധിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനി യർ നൽകിയ റിപ്പോർട്ടിന്റേയും 2011-12 പ്രൊജക്ട് രജിസ്റ്ററിന്റെ പരിശോധനയുടേയും അടി സ്ഥാനത്തിൽ നാളിതുവരെ വിപണന കേന്ദ്രത്തിന്റെ തറനിലയും ഒന്നാം നിലയും നിർമ്മിക്കു ന്നതിനായി 46,91,858/ രൂപ താഴെ കൊടുത്തിരിക്കും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| **വർഷം** | **ചെലവ്** |
|---|---|
| 2006-07 | 2189346 |
| 2007-08 | 438008 |
| 2008-09 | 708977 |
| 2009-10 | 257314 |
| 2010-11 | 200000 |
| 2011-12 | 898213 |
| | **46,91,858** |

വികസന ഫണ്ടിന്റെ വലിയൊരു ശതമാനം ഓരോ വർഷവും ചെലവഴിച്ചു വനിതാ വ്യവസായ വിപണന കേന്ദ്രം നിർമ്മിച്ചിട്ടും ആയത് ഉദ്ദേശിച്ച രീതിയിൽ നടത്തിക്കൊണ്ടുപോകു ന്നതിന് വനിതാ ഗ്രൂപ്പുകളിൽ നിന്നും വേണ്ടത്ര അപേക്ഷകൾ

Local Fund Audit Department

ലഭിക്കുന്നില്ല എന്നാണ് പഞ്ചായ ത്തിന്റെ മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈയൊരു സാഹചര്യം നിലനിൽക്കെ തന്നെ 2013-14 വർഷം താഴെ കൊടുത്തിരിക്കുന്ന പ്രൊജക്ടുകൾ മുഖേന കേന്ദ്രത്തിന്റെ 2-ാം നില നിർമ്മാണത്തിനായി 36,00,000/ രൂപ വകയിരുത്തിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ടിന്റെ പേര്/നമ്പർ | വകയിരുത്തിയ തുക |
|---|---|---|
| 1 | വ്യവസായ വികസന വിപണന കേന്ദ്രം (വനിത) 3-ാംഘട്ടം എസ് 0066/14 | 20,00,000/ |
| 2 | വ്യവസായ വിപണന കേന്ദ്രം(വനിത)3-ാം ഘട്ടം പരിഷ്ക്കരണം എസ് 0019/14 | 16,00,000/ |
| | **ആകെ** | **36,00,000/** |

നിലവിലുള്ള കെട്ടിടം തന്നെ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വനിതാ യൂണിറ്റുകൾക്ക് നൽകി ഫലപ്രദമായ രീതിയിൽ മുഴുവനും ഉപയോഗപ്പെടുത്താതെ 36 ലക്ഷം രൂപ ചെലവഴിച്ച് രണ്ടാം നില നിർമ്മിക്കുന്നത് വികസന ഫണ്ടിന്റെ പാഴ് ചെലവാകാതെ മാറാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14) പ്രത്യേക ഘടക പദ്ധതി (എസ്.സി.പി) ഫണ്ട് വിനിയോഗം - അവലോകനം

അത്തോളി, ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, അരിക്കുളം, മൂടാടി എന്നീ ഗ്രാമ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പന്തലായനി ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമായ കണക്കു പ്രകാരം 12,976എസ്.സി വിഭാഗം ജനങ്ങൾ താമസിക്കുന്നു. ഇത് ബ്ലോക്ക് പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയുടെ 7.9% വരം. ഇതിൽ 6469 സ്ത്രീകളും 6507 പുരുഷന്മാരുമാണ്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ മൊത്തം 5 ഐ.എച്ച്.ഡി.പി കോളനികളും 3 അംബേദ്ക്കർ കോളനികളും 88 മറ്റ് അംഗീകൃത കോളനികളുമുണ്ട്. ഭൂരിഭാഗവും കോളനികളിലായി താമസി ക്കുന്ന ഈ വിഭാഗക്കാരിൽ, പാരമ്പര്യമേഖലയിലുള്ള അസംസ്കൃത വസ്തുക്കളുടെ അപര്യാ പ്തത, കാർഷിക മേഖലയിലെ തൊഴിലില്ലായ്മ, കോളനികളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള തൊഴിൽ സംരംഭങ്ങളുടെ അപര്യാപ്തത, വർഷങ്ങളായി ധനസഹായം ലഭിച്ചിട്ടും പൂർത്തീക രിക്കാൻ കഴിയാത്ത ഭവന നിർമ്മാണം എന്നിവയാണ് ഇവർ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ. കൂടാതെ വർഷങ്ങളായി നിർമ്മാണം ആരംഭിച്ചിട്ടും കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കപ്പെടാത്തതുമൂലമുള്ള കുടിവെള്ള ക്ഷാമവും ഈ മേഖലയിലുള്ളവർ അനുഭ വിക്കുന്നു. വിവിധ സാമ്പത്തിക വർഷങ്ങളിൽ

Local Fund Audit Department

എസ്.സി.പി.ഫണ്ട് ലഭിച്ചതിന്റേയും വിനിയോ ഗിച്ചതിന്റേയും വിശദവിവരം താഴെ കൊടുക്കുന്നു.

| | 2010-11 | | | 2011-12 | | | 2012-13 | | |
|---|---|---|---|---|---|---|---|---|---|
| ഇനം | ലഭിച്ച തുക | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ചെലവു തുക | ലഭിച്ച തുക | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ചെലവു തുക | ലഭിച്ച തുക | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ചെലവു തുക |
| എസ്.സി.പി | 5896371 | 12 | 3376004 | 10431242 | 10 | 6401660 | 9797582 | 9 | 8497847 |

സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായ വരവിൽ, വിവിധ പദ്ധതികൾക്കുള്ള ഗ്രാമ/ജില്ലാ പഞ്ചായത്ത് വിഹിതം, പദ്ധതി വിഹിതം, എസ്.സി.പി വരവ് എന്നിവ ഉൾപ്പെടുന്നു. 2010-11 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രൊജക്ടുകളിൽ ഭൂരിഭാഗവും കുടിവെള്ള പദ്ധതികളുടെ നിർമ്മാണവും റോഡ് നിർമ്മാണവുമാണ്. 2011-12 സാമ്പത്തിക വർഷത്തെ ചെലവിൽ കുടിവെള്ള കിണർ, കുടിവെള്ള പദ്ധതികളുടെ നിർമ്മാണം, വിവിധ റോഡ് നിർമ്മാണം, ഐ.എ.വൈ വീട് നിർമ്മാണത്തിനുള്ള വിഹിതം എന്നിവ ഉൾപ്പെടുന്നു. 2012-13 സാമ്പത്തിക വർഷത്തിലും കുടിവെള്ള പദ്ധതികൾക്ക് വിഹിതം നൽകുന്നതിനായി 5 പ്രൊജ ക്ടുകളിലായി 13 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അതേപോലെ തന്നെ കുടിവെള്ള പദ്ധതികളുടെ നേരിട്ടുള്ള നിർവ്വഹണത്തിന് 3,33,113/ രൂപ ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക മുൻ വർഷങ്ങളി ലേതുപോലെ തന്നെ റോഡ് നിർമ്മാണത്തിനും ഭവന നിർമ്മാണത്തിനുമാണ് വിനിയോഗിച്ചി ട്ടുള്ളത്. ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ എസ്.സി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്ന തിനോ സാമ്പത്തിക വർഷങ്ങളിലൊന്നും തന്നെ തുകയൊന്നും വിനിയോഗിച്ചതായി കാണുന്നില്ല.

സാമ്പത്തിക വർഷങ്ങളിലൊന്നും തന്നെ എസ്.സി.പി ഫണ്ട് വക മാറ്റി ചെലവഴിച്ച തായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സാമ്പത്തിക വർഷങ്ങളിൽ എസ്.സി.പി ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച കുടിവെള്ള പദ്ധതികളിൽ ഭൂരിഭാവും നിർമ്മാണം പൂർത്തീകരിക്കാത്ത നിലയി ലാണുള്ളത്. അതുപോലെ തന്നെ 212-13 ൽ എസ്.സി.പി.ഫണ്ട് വിനിയോഗിച്ച് 5 കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് 19 ലക്ഷം രൂപ വിഹിതം

Local Fund Audit Department

നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ വിവരം ബ്ലോക്ക്പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. കേരള പഞ്ചായത്ത് രാജ് 172 വകുപ്പ് (1)-ാം ഉപവകുപ്പ് 4-ാം പട്ടികയിൽ മേഖലാടി സ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെടാത്ത കുടിവെള്ള പദ്ധതികൾ, ഗ്രാമ പഞ്ചായ ത്തുകൾക്ക് ഉള്ളിലുള്ള റോഡുകളുടെ നിർമ്മാണം എന്നിവക്കാണ് സാമ്പത്തിക വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് എസ്.സി.പി ഫണ്ട് വിനിയോഗിച്ച് തോട് പ്രവൃത്തികൾ നടത്തിയി രിക്കുന്നത്.

## 3-21) സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം - അവലോകനം

കേരള പഞ്ചായത്ത് രാജ് നിയമം 162-ാം വകുപ്പ് അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ 4 സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

1) ധനകാര്യം

2)വികസനം

3)ക്ഷേമകാര്യം

4) ആരോഗ്യവും വിദ്യാഭ്യാസവും

2012-13 വർഷത്തെ രേഖകളെ അടിസ്ഥാനമാക്കി സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

**സ്റ്റാന്റിംഗ് കമ്മറ്റികളുടെ 2012-13 വർഷത്തെ യോഗത്തിന്റെ വിശദാംശങ്ങൾ**

| സ്റ്റാന്റിംഗ് കമ്മറ്റി | അംഗസംഖ്യ | യോഗം ചേർന്ന തീയതി | പങ്കെടുത്തവരുടെ എണ്ണം | യോഗ തീയതി | പങ്കെടുത്തവർ |
|---|---|---|---|---|---|
| ക്ഷേമകാര്യം | 3 | 25.04.12 | 03 | 24.07.12 | 02 |
| | | 25.05.12 | 03 | 06.08.12 | 03 |
| | | 23.06.12 | 03 | 24.09.12 | 03 |
| | | 15.10.12 | 03 | 25.01.12 | 03 |
| | | 28.11.12 | 02 | 15.02.13 | 03 |
| | | 19.12.12 | 03 | 19.03.13 | 03 |
| വികസനം | 03 | 24.04.12 | 03 | 15.10.12 | 03 |
| | | 25.05.12 | 03 | 26.11.12 | 03 |
| | | 26.06.12 | 02 | 18.12.12 | 03 |
| | | 25.07.12 | 03 | 25.01.13 | 03 |
| | | 17.08.12 | 02 | 16.02.13 | 03 |
| | | 25.09.12 | 03 | 21.03.13 | 03 |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| ധനകാര്യം | 03 | 19.04.12<br>18.05.12<br>19.06.12<br>20.07.12<br>06.08.12 | 03<br>03<br>03<br>03<br>ഹാജർ വിവരം രേഖപ്പെടുത്തിയിട്ടില്ല. | 17.08.12<br>24.09.12<br>12.10.12<br>28.11.12<br>19.12.12<br>25.01.13<br>18.02.13<br>12.03.13 | 03<br>03<br>03<br>03<br>03<br>03<br>03<br>03 |
| ആരോഗ്യ വിദ്യാഭ്യാസം | 03 | 23.04.12<br>25.05.12<br>23.06.12 | 03<br>03<br>03 | 24.07.12<br>06.08.12<br>17.08.12<br>25.09.12 | 03<br>02<br>02<br>02 |
| | 03 | 25.09.12<br>15.10.12<br>28.11.12<br>18.12.12 | 2<br>ഹാജർവിവരം രേഖപ്പെടുത്തിയിട്ടില്ല.<br>-ടി-<br>-ടി- | 23.01.13<br>15.02.13<br>21.03.13 | ഹാജർവിവരം രേഖപ്പെടുത്തിയിട്ടില്ല.<br>-ടി-<br>-ടി- |

2000 ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങൾ) 16)(1) പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാം തന്നെ മാസത്തിലൊരിക്കൽ യോഗം ചേർന്ന് വിശദമായി കാര്യ ങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. ക്വാറം തികയാതെ ഒറ്റ മീറ്റിംഗും നടത്തിയിട്ടില്ല. സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുമായി മുൻകൂട്ടി ചർച്ചചെയ്ത് അജണ്ടകൾ തയ്യാറാക്കിയാണ് മീറ്റിംഗുകൾ വയ്ക്കുന്നത്.

കൃത്യമായി യോഗം ചേരുന്നുണ്ടെങ്കിലും കമ്മിറ്റികൾ അജണ്ട കൃത്യമായി എഴുതുക, മിനുട്ട്സ്ബുക്കിൽ ശരിയായി തീരുമാനങ്ങൾ രേഖപ്പെടുത്തുക, മീറ്റിംഗിനു ശേഷം മിനുട്ട്സ് എഴുതി ക്ലോസ് ചെയ്ത് ചെയർമാൻ ഒപ്പുവെക്കുക എന്നീ കാര്യങ്ങളിൽ വീഴ്ച വരുത്തിയിട്ടുണ്ട്. 2012-13 വർഷങ്ങളിൽ താഴെ കൊടുത്തിരിക്കും പ്രകാരം വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗത്തിൽ അജണ്ട രേഖപ്പെടുത്താതിരിക്കുകയും മിനുട്ട്സ് ബുക്കുകൾ ക്ലോസ് ചെയ്ത് ചെയർമാൻ ഒപ്പുവെക്കാതിരിക്കുകയും , തീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്താതിരിക്കുകയും ചെയ്തിട്ടുണ്ട്.

Local Fund Audit Department

| സ്റ്റാന്റിംഗ് കമ്മിറ്റികൾ | അജണ്ട എഴുതാത്ത മീറ്റിംഗ് തീയതികൾ | തീരുമാനം എഴുതാത്തതോ/ ഭാഗികമായി എഴുതിയയോ ആയ മീറ്റിംഗുകൾ | മിനുട്ട്സ് ക്ലോസ് ചെയ്ത് ഒപ്പു വെക്കാത്ത മീറ്റിംഗുകൾ |
|---|---|---|---|
| ക്ഷേമകാര്യം | 25.04.12 | 24.9.12 മുഴുവൻ എഴുതിയിട്ടില്ല. പേര് 165 ഒഴിച്ചിട്ടിരിക്കുന്നു.<br><br>15.10.12 ഭാഗികമായി എഴുതിയിട്ടില്ല. | 24.9.12<br><br>15.10.12 |
| വികസനം | 25.01.13 | 17.8.12 ഭാഗികം | 17.8.12 |
| ധനകാര്യം | | | 12.10.12 |
| ആരോഗ്യം വിദ്യാഭ്യാസം | 15.10.12<br>28.11.12<br>18.12.12<br>23.01.13<br>15.02.13<br>21.03.13 | | 24.07.12<br>06.08.12<br>17.08.12<br>25.09.12<br>15.10.12 |

ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികളും തങ്ങളുടെ അധികാര പരിധിയിൽപ്പെട്ട വിഷയങ്ങളിൽ മാസംതോറും വിശദമായ ചർച്ചകൾ നടത്തി നിർദ്ദേശങ്ങളും തീരുമാനങ്ങളും മുന്നോട്ടു വയ്ക്കുന്നുണ്ട്. സുപ്രധാനമായ ഒരു രേഖ എന്ന നിലയിൽ മിനുട്ട്സ് ബുക്കുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല എന്നത് ഒരു പ്രധാന പോരായ്മയാണ് .

സ്റ്റാന്റിംഗ് കമ്മിറ്റികൾ കേരള പഞ്ചായത്ത് രാജ് ആക്ടിലും ബന്ധപ്പെട്ട ചട്ടങ്ങളിലും നിർദ്ദേശിക്കുന്ന രീതിയിൽ യോഗം ചേരേണ്ടതും നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

Local Fund Audit Department

## ഭാഗം - 4

## ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

### 4-1) സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 2012-13 | 7722395 | 5707961 | 2014434 |
| ജില്ലാ പഞ്ചായത്ത് | 2012-13 | 4478125 | 3463081 | 1015044 |

### 4-2) ഡെപ്പോസിറ്റ് വർക്കിനു നൽകിയ മുൻകൂർ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിനായി മുൻകൂർ നൽകിയിട്ടില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്:

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി വിവിധ കൺവീനർമാർക്ക് തുക നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈ നൽബിൽ നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | അഡ്വാൻസ് തുക | ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| അത്തോളി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ഗേൾ ഫ്രണ്ട്‌ലി ടോയ്‌ലറ്റുകളുടെ നിർമ്മാണം | പ്രിൻസിപ്പൽ ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, അത്തോളി | 68,750/ | 288143/30.05.12 |

### 4-3)സാമ്പത്തിക നില

| ഇനം | വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നിക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഫണ്ട്-എ ജനറൽ | 2012-13 | 4287476 | 8684000 | 12971476 | 10982089 | 1989387 |
| ഫണ്ട്-എ എസ്.സി.പി | 2012-13 | 4029582 | 5768000 | 9797582 | 8497847 | 1299735 |
| സി | 2012-13 | 511970 | 878000 | 1389970 | 912618 | 477352 |
| ഡി | 2012-13 | 852983 | 2902956 | 3755939 | 2398373 | 1357566 |
| ഇ(*) | 2012-13 | 4227278 | 35419475 | 39646753 | 26450013 | 13196740 |
| | | **13909289** | **53652431** | **67561720** | **49240940** | **18320780** |

(*) ജില്ലാ ഗ്രാമപഞ്ചായത്തു വിഹിതം ഐ.എ.വൈ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നതിനാൽ ആയത് ഉൾപ്പെടെ.

Local Fund Audit Department

<u>നിക്കിയിരിപ്പിന്റെ വിശദാംശം</u>

| ബാങ്ക്/ ട്രഷറി | അക്കൗണ്ട് നമ്പർ | നിക്കിയിരിപ്പ് |
|---|---|---|
| എസ്.ബി.ഐ, ടി.എസ്.സി & മിസലേനിയസ് | 10632418266 | 286723 |
| ബിപി.എഫ്.എ I | | 1357566 |
| കനറാ ബാങ്ക് - ഐ.എ.വൈ | 0837101037358 | 11159973 |
| എസ്.ബി.ടി,കൊയിലാണ്ടി എസ്.ജി.എസ്.വൈ | 57008712688 | 206112 |
| എസ്.ബി.ടി-ടി.എസ്.സി നിർമ്മൽ പുരസ്കാരം | 67107343532 | 1543932 |
| ബിപി.എഫ്.എ II എ, വികസന ഫണ്ട് ജനറൽ | | 1989387 |
| ബിപി.എഫ്.എ II വികസന ഫണ്ട് എസ്.സി.പി | | 1299735 |
| ബിപി.എഫ്.എ III (മെയിന്റനൻസ് ഗ്രാന്റ്) | | 477352 |
| **ആകെ** | | **18320780** |

## 4-4(എ) സ്ഥിരനിക്ഷേപങ്ങൾ ഇൻവെസ്റ്റുമെന്റുകൾ:

- ഇല്ല -65

## 4-4(ബി)വായ്പ/വായ്പ തിരിച്ചടവ്:

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5) ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-6)ഓഡിറ്റ് പ്രത്യവലോകനം:

**എ)സംക്ഷിപ്ത വിവരം**

| | **2012-13** |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53470373 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49058882 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം, ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5854187 |

Local Fund Audit Department

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർച്ചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 50,000/ | 1)ശ്രീമതി.കെ.ടി.ഗീത ( 25,000/) ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ<br>2)ശ്രീ.പി.അബ്ദുൾ സമദ് ( 25,000/) ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, സിവിൽ സ്റ്റേഷൻ, കോഴിക്കോട് |

**സി) തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 4351637 | ശ്രീ.സജീവ് എസ്.ബി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-3 | 300000 | ശ്രീമതി.കെ.ടി.ഗീത, സി.ഡി.പി.ഒ |
| 3-4 | 1202550 | ശ്രീ.പി.വി.സോമൻ, സെക്രട്ടറി |
| **ആകെ** | **58,54,187** | |

**ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

-ഇല്ല-

**ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ:**

ഖണ്ഡിക: 3-9

**എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം (പിൻകോഡ് സഹിതം)** |
|---|---|---|
| ശ്രീമതി.കെ.ടി.ഗീത<br>ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ | ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ<br>മേലടി ബ്ലോക്ക്പഞ്ചായത്ത് | ചെറുവണ്ണൂർ<br>ബാരക്ക് റോഡ്<br>വെസ്റ്റ്ഹിൽ റോഡ്<br>കോഴിക്കോട്-5 |
| ശ്രീ.പി.അബ്ദുൾ സമദ്<br>ജില്ലാ സാമൂഹ്യനീതി ഓഫീസർ<br>സിവിൽ സ്റ്റേഷൻ, കോഴിക്കോട് | ജില്ലാ സാമൂഹ്യനീതി ഓഫീസർ,<br>സിവിൽസ്റ്റേഷൻ,കോഴിക്കോട്. | പൂന്തുരുത്തി<br>ഒതുക്കുന്നൽ (പി.ഒ)<br>മലപ്പുറം-676528. |

Local Fund Audit Department

ജി)ഓഡിറ്റ് സംഗ്രഹം

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി

| ആകെ നൽകിയ ഓഡിറ്റ് എൻക്വയറികൾ | മറുപടി ലഭ്യമാക്കിയത് | മറുപടി ലഭ്യമാക്കാത്തത് |
|---|---|---|
| 16 | 05 | 11 |

## 4-7)തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.കെ.കെ.ഡി.പി7/282/12 തീ: 21.03.12 | 09 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി7/461/12 തീ: 21.03.12 | 05 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി7/391/13 തീ: 23.05.13 | 02 |
| 2000–01 | എൽ.എഫ്.കെ.കെ.ഡി.പി7/281/12 തീ: 21.03.12 | 09 |
| 2001–02 | എൽ.എഫ്.കെ.കെ.ഡി.പി7/1253/13 തീ: 11.09.13 | 03 |
| 2002–03 | എൽ.എഫ്.കെ.കെ.ഡി.പി7/198/12 തീ: 21.03.12 | 07 |
| 2003–04 | എൽ.എഫ്.കെ.കെ.ഡി.പി7/197/12 തീ: 21.03.12 | 06 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി7/1395/13 തീ: 08.11.13 | 03 |
| 2005–06 | എൽ.എഫ്.കെ.കെ.ഡി.പി7/198/13 തീ: 30.05.13 | 09 |
| 2006–07 | എൽ.എഫ്.കെ.കെ.ഡി.പി7/1853/12 തീ: 02.02.13 | 05 |
| 2007–08 | എൽ.എഫ്.കെ.കെ.ഡി.പി7/1449/12 തീ: 14.12.12 | 09 |
| 2008–09 | എൽ.എഫ്.കെ.കെ.ഡി.പി7/1345/12 തീ: 04.09.12 | 06 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി7/1504/12 തീ: 19.12.12 | 07 |
| 2010-11&11-12 | എൽ.എഫ്.കെ.കെ.ഡി.പി7/197/13 തീ: 23.03.13 | 10 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡപ്യൂട്ടി ഡയറക്ടർ**

യു.സി **കോഴിക്കോട് .**

Local Fund Audit Department

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4ാം വകുപ്പും 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പും അനുസരിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2012-13** ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ 2-1 നമ്പർ ഖണ്ഡികയിൽ വിശദീകരിച്ചിട്ടുള്ള കാരണത്താൽ എനിക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ വരവ് ചെലവ് പൂർണ്ണമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യമൊഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് **പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2012-13** ലെ വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2003 ജൂൺ 12 ലെ 319/2003/ഫിൻ. നം. സർക്കാർ ഉത്തരവും അനുസരിച്ചാണ്.

**സീനിയർ ഡപ്യൂട്ടി ഡയറക്ടർ.**
**കോഴിക്കോട് ജില്ല.**

യു.സി

Local Fund Audit Department

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ട് സഹിതം)**

എൽ.എഫ്.കെ.കെ.ഡി. പി7 /1768/2013 .

ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ
ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട് ജില്ല.
തീയതി: 27-12-2013.

സീനിയർ ഡപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
പന്തലായനി ബ്ലോക്ക് പഞ്ചായത്ത്.
സർ

വിഷയം: **പന്തലായനി** ബ്ലോക്ക് പഞ്ചായത്തിന്റെ **2012-13** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**************

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പന്തലായനി** ബ്ലോക്ക് പഞ്ചായത്തിന്റെ **2012-13** സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-1, 3-9, 3-13 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജനശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്.(1997 ലെ കേരളാ പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാ നവും -ചട്ടങ്ങൾ 14,15)

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയതു സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റു നിയമം സെക്ഷൻ 15(1), ലോക്കൽ ഫണ്ട് ഓഡിറ്റ്' ചട്ടം 20, 23 1997 ലെ കേരളാ പഞ്ചായത്ത്‌രാജ്, പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1),(2) എന്നിവ കാണുക.

വിശ്വസ്തതയോടെ

സീനിയർ ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ്1. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ), കോഴിക്കോട്.
3. കാര്യാലയ പ്രതി

Local Fund Audit Department